hsCAP NIC
Centralized Allotment Process for Higher Secondary Courses

# ഹയർ സെക്കണ്ടറി ഏകജാലക പ്രവേശനം

# 2021–22

## മുൻ വർഷത്തെ അവസാന റാങ്ക് പരിശോധിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

ഏകജാലകപ്രവേശനത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒന്നാണ് ഓപ്ഷൻ നൽകുന്ന പ്രക്രിയ.വിദ്യാർത്ഥിയ്ക്ക് പഠിക്കുവാൻ താൽപ്പര്യമുള്ള സ്കൂളും കോംബിനേഷനും തെരഞ്ഞെടുക്കുന്നതിനാണ് ഓപ്ഷൻ എന്ന് പറയുന്നത്. അപേക്ഷകൻ / അപേക്ഷക പഠിക്കുവാൻ ഏറ്റവും ഇഷ്ടപ്പെടുന്ന സ്കൂളും കോംബിനേഷനും ആദ്യ ഓപ്ഷനായി നൽകണം.ആദ്യ ഓപ്ഷൻ ലഭിച്ചില്ലെങ്കിൽ പിന്നീട് പരിഗണിക്കേണ്ട സ്കൂളും കോംബിനേഷനും രണ്ടാമത്തെ ഓപ്ഷനായി നൽകണം.ഇങ്ങനെ കൂടുതൽ ഇഷ്ടപ്പെടുന്ന ഓപ്ഷനുകൾ ആദ്യമാദ്യം വരുന്ന രീതിയിൽ ക്രമീകരിക്കണം. അപേക്ഷകന് യാത്രാസൗകര്യവും പഠിക്കുവാൻ താൽപ്പര്യവുമുള്ള സ്കൂളുകൾ മാത്രമേ തെരഞ്ഞെടുക്കാവൂ..

അവരവരുടെ മാർക്കും ഗ്രേഡ് പോയിൻറുമനുസരിച്ച് പ്രവേശനം ലഭിക്കുവാൻ സാധ്യതയുള്ള സ്കൂളുകളും കോംബിനേഷനുകളും മനസ്സിലാക്കി ഓപ്ഷനുകൾ നൽകിയാൽ ആദ്യ അലോട്ട്മെൻറുകളിൽ തന്നെ ഇഷ്ടപ്പെട്ട സ്കൂളുകളിൽ പ്രവേശനം ലഭിക്കും.ഫലപ്രദമായി ഓപ്ഷൻ നൽകുവാൻ മുൻ വർഷത്തെ പ്രവേശന വിവരങ്ങൾ അറിഞ്ഞിരിക്കുന്നത് സഹായകരമാണ്.കഴിഞ്ഞ വർഷം ഓരോ ജില്ലയിലേയും വിവിധ സ്കൂളുകളിൽ ഒന്നാമത്തെ അലോട്ട്മെൻറിന് ശേഷം പ്രവേശനം ലഭിച്ച വിവിധ കാറ്റഗറികളിലെ അവസാന റാങ്കും അവസാന റാങ്കിൻെറ WGPAയുമാണ് ഇവിടെ പ്രസിദ്ധീകരിച്ചിട്ടുള്ളത്.ജില്ലയിലെ എല്ലാ സ്കൂളുകളിലേയും അവസാന റാങ്ക് വിവരങ്ങൾ,അവസാന റാങ്കിൻെറ WGPA,പ്രത്യേക വിഷയ കോംബിനേഷൻെറ മാത്രം റാങ്ക്, WGPA വിവരങ്ങൾ,പ്രത്യേക സ്കൂളിൻെറ മാത്രം റാങ്ക്, WGPA വിവരങ്ങൾ,പ്രത്യേക കാറ്റഗറിയുടെ മാത്രം റാങ്ക്, WGPA വിവരങ്ങൾ,ഇങ്ങനെ പല രീതിയിലുള്ള വിവരങ്ങൾ ലഭിക്കുന്ന സംവിധാനമാണിത്.

ഉദാഹരണമായി പട്ടികജാതി വിഭാഗത്തിൽപെട്ട ഒരു വിദ്യാർത്ഥിയ്ക്ക് തിരുവനതപുരം ജില്ലയിലെ വിവിധ സ്കൂളുകളിൽ തൻെറ കാറ്റഗറിയിൽപ്പെടുന്ന വിദ്യാർത്ഥികളിൽ എത്ര WGPA വരെ ലഭിച്ചിട്ടുള്ളവർക്ക് കഴിഞ്ഞ വർഷം ഒന്നാമത്തെ അലോട്ട്മെൻറ് കഴിഞ്ഞപ്പോൾ ബയോളജി സയൻസ് കോംബിനേഷനിൽ പ്രവേശനം ലഭിച്ചു എന്ന് മനസ്സിലാക്കുവാൻ വെബ്സൈറ്റിൽ പ്രവേശിച്ച് ജില്ല തെരഞ്ഞെടുക്കുവാനുള്ള ബോക്സിൽ തിരുവനന്തപുരം എന്നും ,കാറ്റഗറി തെരഞ്ഞെടുക്കുവാനുള്ള ബോക്സിൽ എസ്.സി എന്നും കോംബിനേഷൻ തെരഞ്ഞെടുക്കുവാനുൾല ബോക്സിൽ 01 ഫിസിക്സ്,കെമിസ്ട്രി,മാത്സ്,ബയോളജി എന്നും തെരഞ്ഞെടുത്ത ശേഷം വ്യൂ ബട്ടൺ ക്ലിക്ക് ചെയ്താൽ മതി വിവിധ സ്കൂളുകളിലെ അവസാന റാങ്കും അവസാന റാങ്കിൻെറ WGPA യും ഇവിടെ കാണാം.. ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കുക ഇവിടെ പ്രസിദ്ധീകരിച്ചിരിക്കുന്നത് കഴിഞ്ഞ വർഷം ഒന്നാമത്തെ അലോട്ട്മെൻറിന് ശേഷമുള്ള വിവരങ്ങളാണ്.തുടർന്നുള്ള അലോട്ട്മെൻറുകളിൽ അൽപ്പം കൂടി താഴ്ന്ന WGPA ഉള്ള വിദ്യാർത്ഥികൾക്കും പ്രവേശനം ലഭിച്ചിട്ടുണ്ട്. WGPA എന്താണെന്ന് നിങ്ങൾക്കറിയാമല്ലോ?പ്രോസ്പെകടസിൻെറ 16–ാം ഖണ്ഡികയിൽ ഇതിനെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്.നിങ്ങളുടെ WGPA കണക്ക് കൂട്ടാൻ സഹായിക്കുന്ന WGPA കാൽക്കുലേറ്ററും ഈ വെബ്സൈറ്റിലുണ്ട്.അഡ്മിഷൻ വെബ്സൈറ്റിൽ കാണുന്ന "To Calculate Weighted Grade Point Average"എന്ന് രേഖപ്പെടുത്തിയതിന് ശേഷമുള്ള " Click Here " ബട്ടണിൽ ക്ലിക്ക് ചെയ്താൽ താഴെക്കാണുന്നപോലുള്ള ഒരു പേജ് ദൃശ്യമാകും.



Weighted Grade Point Average(WGPA) Calculator

Home

Please Furnish the details and press "Submit" to calculate your WGPA

| Eligibility for Bonus Points | YES | NO |
|---|---|---|
| Are you Kerala State Board (SSLC) passed applicant? | ○ | ⦿ |
| Are you applying for a school in your resident taluk? | ○ | ⦿ |
| Are you applying on a school in your resident local body? | ○ | ⦿ |
| Are you applying for the same school in which you studied for SSLC? | ○ | ⦿ |
| Does your local body have atleast one Govt. or Aided Higher Secondary School? | ⦿ | ○ |
| Are you a dependant of Javan? | ○ | ⦿ |
| Are you a dependant of Javan killed in action? | ○ | ⦿ |
| Do you claim bonus points for NCC or Scout and Guides and Swimming or Student Police Cadet? | ○ | ⦿ |
| **Chance Details** | | |
| How many chance you took to pass the Qualifying Examination | 1 | |
| **Grade Point Details** | | |
| Enter the Total Number of Papers in the Qualifying examination | | |
| Enter the Total Grade Points Secured in the Qualifying examination | | |
| Enter the Total Number of Weightage Papers | | |
| Enter the Total Grade Points Secured for Weightage Paper | | |

Submit

| Calculate Grade Point for a Subject with Marks | |
|---|---|
| Grade Point: | |
| Marks Secured | 0 |
| Maximum Marks | 0 |
| Calculate | Clear |

ബോണസ് പോയിൻറുകൾക്ക് അർഹതയുണ്ടെങ്കിൽ ആ വിവരങ്ങളാണ് ആദ്യം സൂചിപ്പിക്കേണ്ടത്.കേരള സംസ്ഥാന ബോർഡ് നടത്തുന്ന പൊതു പരീക്ഷയിൽ (എസ്.എസ്.എൽ.സി) പാസ്സായതാണോ എന്നതാണ് ആദ്യത്തെ ചോദ്യം.അതേയെന്നാണുത്തരമെങ്കിൽ Yes എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.നിങ്ങൾ തമസിക്കുന്ന അതേ താലൂക്കിലുള്ള സ്കൂളിലേയ്ക്ക് തന്നെയാണോ അപേക്ഷിക്കുന്നത് എന്നതാണ് അടുത്ത ചോദ്യം.അതേയെന്നാണുത്തരമെങ്കിൽ Yes എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.അതേ പഞ്ചായത്തിലേയോ, മുനിസിപ്പാലിറ്റിയിലേയോ, കോർപ്പറേഷനിലേയോ സ്കൂളുകളിലേക്കാണൊ അപേക്ഷിക്കുന്നത് എന്നതാണ് അടുത്ത ചോദ്യം. നിങ്ങൾ പത്താം ക്ലാസ്സിൽ പഠിച്ച സ്കൂളിലേയ്ക്ക് തന്നേയാണോ അപേക്ഷിക്കുന്നത്?നിങ്ങളുടെ പഞ്ചായത്തിൽ ഒരു ഗവൺമെൻറ് / എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളെങ്കിലുമുണ്ടോ; നിങ്ങൾ ജവാൻെറ ആശ്രിതനാണോ? എൻ.സി.സി.യുടേയോ / സ്കൗട്ടിൻേറയോ / നീന്തൽ അറിവിൻേറയോ/ സ്റ്റുഡൻറ് പോലിസ് കേഡറ്റിൻേറയോ(GO No 214/2012/Home dated 04/08/2012 വിവക്ഷിച്ച മാതിരി) ബോണസ് പോയിൻറുകൾ അവകാശപ്പെടുന്നുണ്ടോ എന്നീ ചോദ്യങ്ങൾക്ക് കൃത്യമായി Yes എന്നോ No എന്നോ ക്ലിക്ക് ചെയ്തതിന് ശേഷം എത്ര തവണകളായാണ് പത്താം ക്ലാസ്സ് പാസ്സായതെന്ന് രേഖപ്പെടുത്തുക. 2021 മാർച്ചിൽ പാസ്സായ വിദ്യാർത്ഥി 1 എന്നാണ് ടൈപ്പ് ചെയ്യേണ്ടത്.ഗ്രേഡ് പോയിൻറ് വിവരങ്ങൾ രേഖപ്പെടുത്തുവാനുള്ള ബോക്സുകളിൽ ആകെ പേപ്പറുകളുടെ എണ്ണം,ആകെ ലഭിച്ച ഗ്രേഡ് പോയിൻറുകൾ(A+ ന് 9 പോയിൻറായത് കൊണ്ട് 10 പേപ്പറിനും A+ ലഭിച്ചാൽ 90 എന്ന് രേഖപ്പെടുത്തണം).വിവിധ ഗ്രേഡുകൾക്കുള്ള പോയിൻറുകൾ താഴെ സൂചിപ്പിക്കുന്നു..

| | | | | | | | |
|---|---|---|---|---|---|---|---|
| **ഗ്രേഡ്** | **:A+** | **A** | **B+** | **B** | **C+** | **C** | **D+** |
| **ഗ്രേഡ് പോയിൻറ്** | **: 9** | **8** | **7** | **6** | **5** | **4** | **3** |

അപേക്ഷിക്കുന്ന കോംബിനേഷന് വെയിറ്റേജ് ലഭിക്കുന്ന വിഷയങ്ങളുടെ എണ്ണവും ആ വിഷയങ്ങളുടെ ആകെ ഗ്രേഡ് പോയിൻറും കൂടി ടൈപ്പ് ചെയ്ത ശേഷം സബ്മിറ്റ് ബട്ടണിൽ ക്ലിക്ക് ചെയ്താൽ ..കാണാം.ഗ്രേഡിങ്ങ് രീതിയിലല്ലാത്ത സ്കീമുകളിൽപെട്ട വിദ്യാർത്ഥികൾക്കായി ഓരോ വിഷയത്തിനും ലഭിച്ച മാർക്കും ആകെ മാർക്കും ടൈപ്പ് ചെയ്താൽ

ഗ്രേഡ്പോയിൻറ് കണക്കാക്കുവാനുള്ള കാൽക്കുലേറ്ററാണ് ഇതേ വെബ്പേജിൽ വലത് വശത്ത് കാണുന്നത്.

2021–22 അധ്യയന വർഷത്തെ ഒന്നാം വർഷ ഹയർസെക്കണ്ടറി പ്രവേശന നടപടികൾ **2021 ആഗസ്റ്റ് 24 മുതൽ ആരംഭിക്കുന്നതാണ്.** കോവിഡ് 19 ൻെറ പശ്ചാത്തലത്തിൽ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലാണ് പ്രവേശന നടപടികൾ. അഡ്മിഷൻ വെബ്സൈറ്റ് ഗേറ്റ്വേ ആയ www.admission.dge.kerala.gov.in-ലെ "Click for Higher Secondary Admission" എന്നതിലൂടെ ഹയർ സെക്കണ്ടറി അഡ്മിഷൻ വെബ്സൈറ്റിൽ പ്രവേശിച്ച് CREATE CANDIDATE LOGIN-SWS എന്ന ലിങ്കിലൂടെ ക്യാൻഡിഡേറ്റ് ലോഗിൻ സൃഷ്ടിക്കാവുന്നതാണ്. ഇത്തരത്തിൽ മൊബൈൽ ഒ.റ്റി.പി യിലൂടെ സുരക്ഷിത പാസ്‌വേർഡ് നൽകി സൃഷ്ടിക്കുന്ന ക്യാൻഡിഡേറ്റ് ലോഗിനിലൂടെ ആയിരിക്കും അപേക്ഷാസമർപ്പണവും തുടർന്നുള്ള പ്രവേശന പ്രവർത്തനങ്ങളും.

ക്യാൻഡിഡേറ്റ് ലോഗിനിലെ APPLY ONLINE എന്ന ലിങ്കിലൂടെ അപേക്ഷകർക്ക് സ്വന്തമായി ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പത്താം തരം പഠന സ്കീം "others" ആയിട്ടുള്ളവർ മാർക്ക് ലിസ്റ്റ് /സർട്ടിഫിക്കറ്റ് , തുല്യതാ സർട്ടിഫിക്കറ്റ് എന്നിവയുടെ സ്കാൻ ചെയ്ത കോപ്പി ( File in pdf format and Size below 100 KB) അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണം. വിഭിന്ന ശേഷി വിഭാ•ത്തിൽ പ്രത്യേക പരി•ണനയ്ക്ക് അർഹരായവർ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിൻെറ സ്കാൻ ചെയ്ത കോപ്പി ( File in pdf format and Size below 100 KB) അപ്‌ലോഡ് ചെയ്യണം. മറ്റ് അപേക്ഷകർ , അപേക്ഷയോടൊപ്പം യാതൊരുവിധ സർട്ടിഫിക്കറ്റുകളും അപ്‌ലോഡ് ചെയ്യേണ്ടതില്ല

അപേക്ഷകർ സമർപ്പിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും അപേക്ഷകൾ അലോട്ട്മെൻറിനായി പരിഗണിക്കുക. അക്കാരണത്താൽ തന്നെ അപേക്ഷയിൽ സമർപ്പിക്കുന്ന വിവരങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. അപേക്ഷാർത്ഥി നൽകുന്ന വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി ലഭിക്കുന്ന അലോട്ട്മെൻറിൽ പ്രവേശനം നേടുന്നതിനായി അസ്സൽരേഖകൾ വെരിഫിക്കേഷനായി സമർപ്പിക്കുമ്പോൾ തെറ്റായി വിവരം നൽകി അലോട്ട്മെൻറിൽ ഇടം നേടിയതാണെന്നു കണ്ടെത്തുകയാണെങ്കിൽ അത്തരം അലോട്ട്മെൻറുകൾ റദ്ദാക്കി പ്രവേശനം നിരസിക്കുന്നതാണ്. ആയതിനാൽ ബോണസ് പോയിൻറുകൾക്കും മറ്റ് ആനുകൂല്യങ്ങൾക്കും നിഷ്കർഷിക്കുന്ന സർട്ടിഫിക്കറ്റുകൾ അപേക്ഷാസമർപ്പണവേളയിൽ കൈവശം ഉണ്ടെങ്കിൽ

മാത്രമെ അവ അപേക്ഷയിൽ ഉൾപ്പെടുത്താവൂ. **അപേക്ഷാ ഫീസ് പ്രവേശന സമയത്തെ ഫീസിനോടൊപ്പം നൽകിയാൽ മതിയാകുന്നതാണ്.** അപേക്ഷയുടെ പ്രിൻറൗട്ട് മുൻ കൊല്ലങ്ങളിൽ എന്നപോലെ **വെരിഫിക്കേഷനായി സ്കൂളുകളിൽ നൽകേണ്ടതില്ല.**

സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകളിലും അദ്ധ്യാപകരെയും അനദ്ധ്യാപകരേയും ഉൾപ്പെടുത്തി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സജ്ജീകരണത്തോടെയുള്ള **സഹായക കേന്ദ്രങ്ങൾ,** 2021 ആഗസ്റ്റ് 24 മുതൽ പ്രവേശന നടപടികൾ അവസാനിക്കുന്നതുവരെ വൈസ്-പ്രിൻസിപ്പൽമാരുടെ / പ്രഥമാദ്ധ്യാപകരുടെ നേതൃത്വത്തിൽ കോവിഡ് ആരോഗ്യ സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ച് പ്രവർത്തിക്കുന്നതാണ്.

സംസ്ഥാനത്തെ എല്ലാ ഹയർസെക്കണ്ടറി സ്കൂളുകളിലും അദ്ധ്യാപകരെയും അനദ്ധ്യാപകരേയും ഉൾപ്പെടുത്തി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സജ്ജീകരണത്തോടെയുള്ള **സഹായക കേന്ദ്രങ്ങൾ,** 2021 ആഗസ്റ്റ് 24 മുതൽ പ്രവേശന നടപടികൾ അവസാനിക്കുന്നതു വരെ പ്രിൻസിപ്പൽമാരുടെ നേതൃത്വത്തിൽ കോവിഡ് ആരോഗ്യ സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ച് പ്രവർത്തിക്കുന്നതാണ്.

സ്വന്തമായി അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്തവർക്ക് താമസസ്ഥലത്തിന് സമീപത്തുള്ള ഹൈസ്കൂളിൽ അല്ലെങ്കിൽ ഹയർസെക്കണ്ടറി സ്കൂളിൽ പ്രവർത്തിക്കുന്ന സഹായക കേന്ദ്രങ്ങളിലൂടെ ആരോഗ്യ സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ച് അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

ട്രയൽ അലോട്ട്മെൻറ് പരിശോധന, ഓപ്ഷൻ പുന:ക്രമീകരണം, അലോട്ട്മെൻറുകളുടെ പരിശോധന, പ്രവേശനത്തിനു വേണ്ടിയുള്ള രേഖകൾ സമർപ്പിക്കൽ, ഫീസ് ഒടുക്കൽ തുടങ്ങിയ പ്രവേശനവുമായ ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും **.ക്യാൻഡിഡേറ്റ് ലോഗിനിലൂടെയാണ്** അപേക്ഷകർ നിർവഹിക്കേണ്ടത്.

വിഭിന്നശേഷി വിഭാഗത്തിലുള്ള അപേക്ഷകർ പ്രസ്തുത വിവരം ഓൺലൈൻ അപേക്ഷയിൽ പ്രത്യേകമായി രേഖപ്പെടുത്തുകയും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുകയും വേണം.

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പ്രസ്തുത അപേക്ഷകരുടെ രക്ഷാകർത്താക്കൾ IEDC റിസോഴ്സ് അദ്ധ്യാപകരുടേയും മറ്റ്

അദ്ധ്യാപകരുടേയും നിർദ്ദേശം തേടി ആയതിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ സ്കൂൾ/കോഴ്സ് തെരഞ്ഞെടുത്ത് ഓപ്ഷനായി അപേക്ഷയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.